(ബി) 1989-ലെ പി.ഒ.എ. ആക്ട് പ്രകാരം പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനെതിരെയും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേനയായും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതു പ്രവർത്തകരുടെയും സഹകരണത്തോടുകൂടി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ എസ്.സി./എസ്.ടി. കമ്മീഷനും ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു.

ആദിവാസി വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾ

249 (4240) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ ;

(ബി) പട്ടയമോ കൈവശരേഖയോ ഇല്ലാത്ത ആദിവാസി കുടുംബങ്ങളുടെ വിവരങ്ങൾ ലഭ്യമാണോ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും പട്ടയം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി ടി.ആർ.ഡി.എം., ഭൂരഹിത കേരളം പദ്ധതി, കെ.എസ്.റ്റി. ആക്ട്, വനാവകാശ നിയമം, ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി എന്നിവയിലൂടെ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കണക്കുകളനുസരിച്ച് 2014 നവംബർ മാസംവരെ 10,517 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(സി) സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരായ ആദിവാസികൾക്കും ഭൂമി ലഭ്യമാക്കുന്നതിനാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly